**Keraleeyam**

**Rs. 25/-** 2017 June/July Vol. 18 Issue 6/7

# മരം നട്ടാൽ മാത്രം മതിയോ?

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ തീരുമാനങ്ങളെടുക്കാൻ സ്വന്തം ജീവിതം സമർപ്പിക്കാതെ വർഷത്തിലൊരിക്കൽ മരം നട്ടതുകൊണ്ടോ വീട്ടിൽ കമ്പോസ്റ്റ് ചെയ്തതുകൊണ്ടോ സൈക്കിൾ ഓടിച്ചതുകൊണ്ടോ നമുക്ക് പരിസ്ഥിതിയെ രക്ഷിക്കാനാവില്ലെന്ന്

**നിത്യാനന്ദ് ജയരാമൻ**

**ലോക** പരിസ്ഥിതിദിനത്തിൽ എല്ലാ പത്രങ്ങളും ടെലിവിഷൻ ചാനലുകളും ഭൂമിയെ രക്ഷിക്കാൻ നമുക്ക് ചെയ്യാൻ കഴിയുന്ന ചില പൊടിക്കൈകൾ അക്കമിട്ട് നിരത്തി, ഒരു ചടങ്ങ് പോലെ വാർത്ത കൊടുത്തുകാണാറുണ്ട്. തങ്ങളുടെ നിത്യജീവിതത്തെ ബാധിക്കാത്ത രീതിയിൽ ചെയ്യാൻ കഴിയാവുന്ന കാര്യങ്ങൾ പറഞ്ഞുതരുമോ എന്ന് ഏറെക്കാലമായി പരിസ്ഥിതി പ്രവർത്തന രംഗത്തുള്ള എന്നോടും പലരും ചോദിക്കാറുണ്ട്. അത്തരം പ്രവർത്തനങ്ങളൊന്നും ദീർഘകാലം നിലനിൽക്കില്ല. എന്നാൽ എല്ലാവരും പരിഗണിക്കേണ്ട ആറ് കാര്യങ്ങൾ താഴെപ്പറയുന്നു:

1. 'തന്നാലാവുന്നത് ചെയ്യുന്നു' എന്ന വാചകം പലപ്പോഴായി ആളുകൾ പറയുന്നത് കേട്ടിട്ടുണ്ട്. അതൊക്കെ പഴയ നല്ല കാലം; അത് കഴിഞ്ഞു. മനുഷ്യനെ താങ്ങാൻ പരിസ്ഥിതിക്ക് ഇനിയാകുമോ എന്ന കാര്യത്തിൽ തന്നെ സംശയമുണ്ടെന്നിരിക്കെ നമ്മൾ 'തന്നാലാവുന്ന'തിനുമപ്പുറം ചെയ്യേണ്ട സമയമെത്തിയിരിക്കുന്നു. അതിനാൽ ഈ പരിസ്ഥിതി ദിനത്തിലെങ്കിലും അതിനുമപ്പുറം കടന്ന് നമ്മുടെ കുട്ടികൾക്ക് നമ്മേക്കാൾ നന്നായി ജീവിക്കാനാവുന്ന തരത്തിൽ ഈ ലോകത്തെ മാറ്റുമെന്നുമൊരു തീരുമാനമെടുക്കാം. അതിന് കഴിയില്ലെങ്കിൽ പിന്നെ മരംവെച്ചും സൈക്കിൾ ചവിട്ടിയും കമ്പോസ്റ്റ് ചെയ്തുമൊക്കെ എങ്ങനെയെങ്കിലും ഭൂമിയെ രക്ഷിക്കാൻ കഴിയുമെന്ന മൂഢസ്വർഗ്ഗത്തിൽ തന്നെ വിശ്വസിച്ചു കഴിയുക. ഭൂമിയെ ഇങ്ങനെയാക്കുന്നവർക്കെതിരെ വലുതായി എന്തെങ്കിലും ചെയ്യാൻ കരുതുന്നില്ലെങ്കിൽ പിന്നെ സ്വയം നന്നായി ആശ്വസിക്കാനേ തരമുള്ളൂ.

2. നിങ്ങൾ ഭൂമിയെ രക്ഷിക്കാനാഗ്രഹിക്കുന്നുവെന്ന് പറയുന്നത് നിർത്തൂ. അത്തരത്തിലൊരു നീയും ഞാനും രക്ഷിക്കലല്ല പ്രകൃതി ആഗ്രഹിക്കുന്നത്. സന്നദ്ധസംഘടനകളെയോ പ്രവർത്തകരെയോ ഭൂമിയെ രക്ഷിക്കുന്ന ചുമതല ഏല്പിച്ചാൽ നിങ്ങളുടെ ജോലി കഴിയുന്നില്ല. അതിന് നമ്മൾ തന്നെ ഇടപെട്ടു തുടങ്ങണം.

3. വികസനമാണ്, പട്ടിണിയല്ല പ്രശ്നമെന്നത് തിരിച്ചറിഞ്ഞുവേണം പ്രവർത്തിക്കേണ്ടത്. വളർച്ചയിലൂടെയും വികസനത്തിലൂടെയും ഉണ്ടാകുന്ന സമ്പത്തിന്റെയും പണത്തിന്റെയും കുമിഞ്ഞുകൂടൽ കൂടുതൽ മലിനീകരണത്തിലേക്കും പാരിസ്ഥിതിക പ്രശ്നങ്ങളിലേക്കുമാണ് നയിക്കുക. കൂടുതൽ പണമുണ്ടായതുകൊണ്ട് പട്ടിണി ഇല്ലാതാകില്ല. ഉള്ള പണം എല്ലാവർക്കും ആനുപാതികമായി വിതരണം ചെയ്യുന്നതിലൂടെയാണ് അത് സാധ്യമാവുക. പാരിസ്ഥിതിക ക്യാമ്പയിനുകൾ സാമൂഹ്യനീതിയിലധിഷ്ഠിതമായവ കൂടിയായിരിക്കണം.

4. നിങ്ങൾക്ക് 'തന്നാലാവുന്ന' കാര്യങ്ങൾ തുടരാം. എന്നാൽ വ്യക്തിപരമായ മാറ്റങ്ങളിലൂടെ ലോകം നന്നാകുമെന്ന് വിശ്വസിച്ച് സ്വയം വിഡ്ഢിയാകാതിരിക്കുക. കാരണം ലോകത്തെ രക്ഷിക്കാൻ ഇവിടെ കച്ചവടം നടക്കുന്നതും രാഷ്ട്രീയം നടപ്പിലാക്കുന്നതുമായ രീതികൾ മാറേണ്ടിവരും. അതിലിടപെടുക. ഉത്തരവാദിത്തമില്ലാത്ത രാഷ്ട്രീയവും ലാഭത്തിനായുള്ള കച്ചവടവുമൊക്കെയാണ് ഇവിടെ ജീവിതം നരകതുല്യമാക്കുന്നത്. അത് മാറ്റാൻ നിങ്ങൾ മെനക്കെടുന്നില്ലെങ്കിൽ പിന്നെ ആ പ്രശ്നത്തിന്റെ ഭാഗം തന്നെയാണ് നിങ്ങളും.

5. നിങ്ങളുടെ സമ്പദ്ഘടനയെ വൈദ്യുതീകരിക്കുന്ന ഊർജ്ജ ഉറവിടം മാറ്റിയത് കൊണ്ടുമാത്രം നിങ്ങൾക്ക് കാലാവസ്ഥാവ്യതിയാനത്തെ ചെറുക്കാൻ കഴിയില്ല. ഒട്ടും സുസ്ഥിരമല്ലാത്ത ഒരു സമ്പദ്വ്യവസ്ഥയെ നിങ്ങൾക്ക് പാരമ്പര്യേതര ഊർജ്ജം കൊണ്ട് നിലനിർത്താനാകില്ല. അങ്ങനെ സാധ്യമാകണമെങ്കിൽ ഈ സമ്പദ്വ്യവസ്ഥയും സുസ്ഥിരമല്ലാത്ത, വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുമെല്ലാം മാറണം. ഭീകരമായ അസന്തുലിതാവസ്ഥ നിലനിൽക്കുന്ന ആഢംബരപൂർണ്ണമായ ഒരു ലോകത്ത് സുസ്ഥിരതക്കും നിലനിൽക്കാനാവില്ല.

6. ഡൊണാൾഡ് ട്രംപ് എന്തുതന്നെ ചിന്തിച്ചാലും കാലാവസ്ഥാവ്യതിയാനം എന്നത് യാഥാർത്ഥ്യമാണ്. വരും വർഷങ്ങളിൽ അതിതീവ്രമായ കാലാവസ്ഥാമാറ്റങ്ങൾക്ക് സാക്ഷിയാകേണ്ടിവരുമെന്ന് ചില അനുഭവങ്ങളിൽ നിന്നെങ്കിലും നമുക്ക് ബോധ്യമുണ്ട്. ഇനി സാധാരണമെന്ന് പറയുന്നത് സൂര്യാതപവും, ചൂടുകാറ്റും, ശീതക്കാറ്റും, കൊടുങ്കാറ്റുകളും, വെള്ളപ്പൊക്കവും, വേലിയേറ്റങ്ങളുമൊക്കെയായിരിക്കും. അങ്ങനെയൊരു പ്രതിഭാസമില്ലെന്ന് പറഞ്ഞ് ഒഴിവാകാൻ ഇനിയത്ര എളുപ്പമാകില്ല. എന്നാൽ പ്രകൃതിയെ ഇങ്ങനെയാക്കുന്ന തരത്തിലുള്ള അത്യപകടകരമായ ഭൂവിനിയോഗരീതികൾ തടയാനുള്ള നടപടികളെടുക്കുകയെന്നത് സാധ്യമായ കാര്യമാണ്. നമ്മെ വരൾച്ചയിൽ നിന്നും വറുതിയിൽ നിന്നുമൊക്കെ സംരക്ഷിച്ചിരുന്ന മണൽത്തിട്ടകളെയും തണ്ണീർത്തടങ്ങളെയും കടലോരങ്ങളെയും പുഴകളെയും ചൂടിനെയും വെള്ളപ്പൊക്കത്തെയും മണ്ണൊലിപ്പിനെയുമൊക്കെ ചെറുക്കാൻ സഹായിക്കുന്ന പച്ചപ്പുകളെ അറിയുക, ആദരിക്കുക, പരിപാലിക്കുക. ■

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com